## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **06-12-2022 - ൽ മറുപടിയ്ക്ക്**

## കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | കുറ്റിക്കോലിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവർത്തികൾ പുരോഗമിക്കുന്നു. 110 കെ.വി സബ്സ്റ്റേഷന്റെ സൈറ്റ് ലെവെലിങ്, ചുറ്റുമതിൽ നിർമ്മാണം, താത്കാലിക സൈറ്റ്ഓഫീസ് നിർമ്മാണം, കോളം ഫൗണ്ടേഷൻ എന്നിവ പൂർത്തീകരിച്ചു. എർത്ത് മാറ്റ് നിർമ്മാണം, എക്വിപ്മെന്റ് ഫൌണ്ടേഷൻ എന്നിവ പുരോഗമിച്ചു വരുന്നു. ലൈൻ സർവ്വേയും പ്രിലിമിനറി സർവ്വേയും പൂർത്തീകരിച്ചു. റൂട്ട് അപ്രൂവൽ ലഭിച്ചു. ടവർ ഷെഡ്യൂൾ അപ്രൂവൽ തയ്യാറാക്കിയിട്ടുണ്ട്. ലൈൻ നിർമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിൽ ഏതൊക്കെ പ്രവൃത്തികൾ നിലവിൽ അവശേഷിക്കുന്നുണ്ടെന്നും ആയതിനായി സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (ബി) | **പ്രസ്തുത സബ്സ്റ്റേഷൻ നിർമാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾ അവശേഷിക്കുന്നു.**<br><br>1. കുറ്റിക്കോൽ സബ്സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള അമ്പലത്തറ മൈലാട്ടി 110 kV ലൈനിൽ നിന്ന്, 110 kV ലൈൻ നിർമ്മാണം -എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു.<br>2. സബ്സ്റ്റേഷൻ യാർഡിലെ എക്വിപ്മെന്റ് ഫൗണ്ടേഷൻ, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം - പ്രവൃത്തി പുരോഗമിക്കുന്നു.<br>3. യാർഡിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നപ്രവൃത്തി - എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കും.<br>4. കൺട്രോൾ റൂം ബിൽഡിങ്ങിന്റെ നിർമ്മാണം - പ്ലാൻ തയ്യാറാക്കി അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്.<br>5. കൺട്രോൾ റൂമിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി;<br>6. കൺട്രോൾ വയറിങ്, ടെസ്റ്റിംഗ് ആൻഡ്കമ്മീഷനിംഗ് |

സെക്ഷൻ ഓഫീസർ